ഗവ. പോളിടെക്നിക്ക് കോളേജ്. തൃക്കരിപ്പൂർ

നമ്പർ: GPCTKR/132/2025-B1 തീയതി: 04-08-20

## വാർത്താക്കുറിപ്പ്

### പോളി രണ്ടാം വർഷ പ്രവേശനം, 6 ന് അവസരം

തൃക്കരിപ്പൂർ ഗവ. പോളിടെക്നിക്ക് കോളേജിലെ കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻറ് ബിസിനസ് മാനേജ്മെൻറ് എന്നീ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിലെ മൂന്നാം സെമസ്റ്ററിൽ (രണ്ടാം വർഷ) ഒഴിവുള്ള സീറ്റുകളിലേക്ക് പ്ലസ്ടു (സയൻസ്), വി.എച്ച്.എസ്.ഇ, ഐ.ടി.ഐ. കെ.ജി.സി.ഇ കോഴ്സ് കഴിഞ്ഞവർക്ക് നേരിട്ടുള്ള പ്രവേശനത്തിന് അവസരം. ഇതിനകം അപേക്ഷ സമർപ്പിച്ചവരും ഇനി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവരും 6 ന് ബുധനാഴ്ച രാവിലെ 10 മണിക്ക് നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. പ്രവേശനത്തിന് വരുന്നവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളോടൊപ്പം എസ്.എസ്.എൽ.സി., പ്ലസ്ടു, ഐ.ടി.ഐ മുതലായ സർട്ടിഫിക്കറ്റുകളും വിടുതൽ, സ്വഭാവ സർട്ടിഫിക്കറ്റുകളും ഹാജരാക്കണം. ജാതി സംവരണത്തിന് അർഹതയുള്ള പട്ടികജാതി / വർഗ്ഗ വിഭാഗക്കാർ തഹസീൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റും. ജാതി സംവരണമുള്ള മറ്റു വിഭാഗക്കാർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും കൊണ്ടു വരണം. പട്ടിക ജാതി / വർഗ്ഗ വിഭാഗക്കാർ 1000 രൂപയും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷത്തിന് താഴെയുള്ളവർ 11,000/- രൂപയും അല്ലാത്തവർ 14,215 രൂപയും ഫീസിനത്തിലും പി ടി എ ഫണ്ട് ആയി 3,522 രൂപയും ഹാജരാക്കണം. നിലവിൽ പ്രവേശനം നേടിയവർ സ്ഥാപനമോ ബ്രാഞ്ചോ മാറണമെങ്കിൽ ഫീസ് അടച്ച രസീതും അഡ്മിഷൻ സ്ലിപ്പും ഹാജരാക്കണം. വിശദ വിവരങ്ങൾക്ക് 9446771690, 9496690222, 04672211400 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

പ്രിൻസിപ്പാൾ

MEMORIAL GOVT. POLYTECHNIC COLLEGE THRIKKARIPPUR (PO), KASARAGOD - 671 310, KERALA

Signed by
Swarna C
Date: 05-08-2025 09:52:16